LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി സൗഹൃദ നഗരാസൂത്രണത്തിന് നടപടി

184 (1942) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ നഗരാസൂത്രണം നടപ്പിലാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതി സൗഹൃദ നഗരാസൂത്രണ വികസനത്തിന് കേന്ദ്ര സഹായം നേടുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പരിസ്ഥിതി സൗഹൃദ നഗരാസൂത്രണം നടപ്പിലാക്കുന്നതിനായി നിലവിലുള്ള നഗരാസൂത്രണ നിയമം ഭേദഗതി ചെയ്യുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ നഗരാസൂത്രണം പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുമ്പോഴും അവ അംഗീകരിക്കുമ്പോഴും സംസ്ഥാനത്തെ നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കുന്നതിനായി നിലവിലുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ, തീരദേശ പരിപാലനത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി, വനം വകുപ്പ് മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ മറ്റ് ദേശീയ സംസ്ഥാന നയങ്ങൾ എന്നിവയ്ക്കനുസൃതമാണോയെന്ന് പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പരിസ്ഥിതി സൗഹൃദ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ ഏകീകൃത നഗര-ഗ്രാമാസൂത്രണ നിയമത്തിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

പ്ലാസ്റ്റിക് നിരോധനം

185 (1943) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് മാലിന്യ വിപത്ത് നേരിടാൻ പ്ലാസ്റ്റിക് നിരോധനം ഫലപ്രദമല്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;